# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 സെപ്തംബർ 24

# വാർത്താക്കുറിപ്പ്

## എം.ജി. ബിരുദ പ്രവേശനം ഇന്നു (സെപ്തംബർ 25) കൂടി

എം.ജി. സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദപ്രവേശനത്തിനുള്ള ഏകജാലക സംവിധാനത്തിൻ കീഴിൽ ഇതുവരെയുള്ള നാല് അലോട്മെൻ്റ് ലിസ്റ്റുകളിൽ ഏതിലെങ്കിലും ഉൾപ്പെട്ട് ബന്ധപ്പെട്ട കൊളജുകളിൽ താത്ക്കാലിക പ്രവേശനം നേടിയവർക്ക് കോളജുകളിൽ ഫീസടച്ച് പ്രവേശനം ഉറപ്പാക്കാൻ ഇന്ന് (സെപ്തംബർ 25) വൈകിട്ട് നാല് മണി വരെ അവസരം.

നിശ്ചിത സമയത്തിനകം ഫീസടച്ച് പ്രവേശന നടപടികൾ പൂർത്തിയാക്കാത്തവരുടെ അലോട് മെന്റ് റദ്ദാകും. പ്രവേശനം ഉറപ്പാക്കി കൺഫർമേഷൻ സ്ലിപ് ഡൗൺലോഡ് ചെയ്ത് വിദ്യാർഥികൾ സൂക്ഷിക്കണം. കൺഫർമേഷൻ സ്ലിപ്പിന്റെ അഭാവത്തിൽ ഇതുസംബന്ധിച്ച പരാതികൾ പരിഗണിക്കില്ല. നാലാം അലോട്മെന്റിന്ശേഷം പട്ടിക വിഭാഗങ്ങളിൽപ്പെട്ട അപേക്ഷകർക്ക് മാത്രമേ താൽക്കാലിക അലോട്മെന്റ് അനുവദിക്കുകയുള്ളൂ.

(പി.ആർ.ഒ/39/957/2021)

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ ബി.എഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2020 അഡ്മിഷൻ - റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ഒക്ടോബർ 20 ന് ആരംഭിക്കും. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/958/2021)

## പരീക്ഷഫലം

2021 ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (2019 അഡ്മിഷൻ - റഗുലർ), 2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (2016 - 2018 അഡ്മിഷൻ - സപ്ലിമെന്ററി/ 2015 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/959/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ട്രാവൽ ആന്റ് ടൂറിസം മാനേജ്മെന്റ് (എം.ടി.ടി.എം. - 2019 അഡ്മിഷൻ - റഗുലർ, 2016, 2017, 2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ അഞ്ചുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/960/2021)


**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ